*<u>വിജ്ഞാപനം</u>*

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, Vanross Jn., University P.O,
Thiruvananthapuram – 34
B-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

നം. 7115/എ1/2018/കേ.സം.ബാ.സം.ക. 10th August, 2022

**സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷനിൽ**
**കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് യോഗ്യരായവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത യോഗ്യതയുള്ള അപേക്ഷകരിൽ നിന്നും ചുരുക്കപ്പട്ടിക തയ്യാറാക്കി അഭിമുഖം നടത്തിയായിരിക്കും നിയമനം നടത്തുന്നത്.

**സീനിയർ ടെക്നിക്കൽ ഓഫീസർ (ആർ.റ്റി.ഇ മോണിറ്ററിംഗ് സെൽ)**

യോഗ്യത:
1) എഡ്യൂക്കേഷൻ/നിയമം/സാഹിത്യം/ജേർണലിസം/സോഷ്യൽ വർക്ക്/സൈക്കോളജി/സോഷ്യോളജി എന്നിവയിലേതിലെങ്കിലും ബിരുദാനന്തര ബിരുദം.
2) കുട്ടികളുടെ ഉന്നമനം/വിദ്യാഭ്യാസം എന്നീ മേഖലകളിലെ പ്രവർത്തനം, പ്രസിദ്ധീകരണം തയ്യാറാക്കൽ, പ്രസ്തുത വിഷയത്തിലുള്ള കണ്ടന്റ് ഡെവലപ്മെന്റ്/അവബോധ പ്രചരണം എന്നീ മേഖലകളിൽ 3 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം.
3) കമ്പ്യൂട്ടർ പരിജ്ഞാനം ഉണ്ടായിരിക്കണം.

| | | |
|---|---|---|
| പ്രായം | : | 30-നും 55-നും മധ്യേ (2022 ജനുവരി 1-ന്). |
| പ്രതിമാസ ശമ്പളം | : | 40,000/- രൂപ വീതം. |
| ഒഴിവ് | : | 1 |

*ബയോഡേറ്റാ, യോഗ്യതയും പ്രവർത്തി പരിചയവും വയസ്സും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമുള്ള ഫോട്ടോ പതിച്ച നിശ്ചിത ഫാറത്തിലുള്ള അപേക്ഷ* ***<u>2022 സെപ്റ്റംബർ 6-ന് വൈകിട്ട് 05.00 മണിക്കു</u>*** മുമ്പ് സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ, റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034 എന്ന വിലാസത്തിൽ ലഭിക്കണം.

മുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ അയോഗ്യതയായി കണക്കാക്കി നിരുപാധികം നിരസിക്കുന്നതാണ്. അഭിമുഖത്തിന് യോഗ്യരായ അപേക്ഷകരുടെ ഒരു ഷോർട്ട് ലിസ്റ്റ് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. എന്നിരുന്നാലും ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ രണ്ടുപേരിൽ കുറവാണെങ്കിൽ അഭിമുഖം നടത്തപ്പെടുന്നതല്ല. റാങ്ക് ലിസ്റ്റ്/സെലക്റ്റ് ലിസ്റ്റ് കമ്മീഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അഭിമുഖം, നിയമനം തുടങ്ങിയവ സംബന്ധിച്ച അറിയിപ്പുകൾ ഇ-മെയിൽ വഴി മാത്രമായിരിക്കും ലഭ്യമാക്കുന്നത്.

(ഒപ്പ്/-)
**സെക്രട്ടറി**